## പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 145 | 21.3.2012 ൽ മറുപടിക്ക് |
|---|---|

### എമിഗ്രേഷൻ നിയമത്തിലെ ഉപാധികൾ പിൻവലിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ<br>,, ജെയിംസ് മാത്യു<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ. കെ.സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| (എ) | അവിദഗ്ദ്ധ കുടിയേറ്റ തൊഴിലാളികൾ ഗൾഫ് യാത്രക്ക് എമിഗ്രേഷൻ ക്ലിയറൻസിനായി വൻ തുക കരുതലായി കെട്ടിവയ്ക്കണമെന്ന കേന്ദ്ര സർക്കാരിന്റെ ഉപാധി സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | എ) വിദേശത്ത് തൊഴിൽതേടി പോകുന്ന അവിദഗ്ദ്ധ തൊഴിലാളികൾ എമിഗ്രേഷൻ ക്ലിയറൻസിനായി വൻതുക കരുതലായി കെട്ടിവയ്ക്കണമെന്ന് ഒരു ഉപാധിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 200/- രൂപ മാത്രമാണ് എമിഗ്രേഷൻ ഫീസായി ഈടാക്കുന്നത്. |

| | | |
|---|---|---|
| (ബി) | ഇത്തരത്തിൽ കരുതൽ തുക കെട്ടിവയ്ക്കുന്നതിൽ നിന്ന് രക്ഷപ്പെടാൻ അനധികൃത മാർഗ്ഗത്തിലൂടെ കുടിയേറ്റം നടക്കുന്നതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ചെറിയ എമിഗ്രേഷൻ ഫീസ് കെട്ടിവയ്ക്കുന്നതിൽ നിന്നും രക്ഷപ്പെടാൻ അനധികൃത മാർഗ്ഗത്തിലൂടെ കുടിയേറ്റം നടക്കുന്നതായ സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സംസ്ഥാനത്തെ പാവപ്പെട്ട ജനങ്ങൾക്ക് ഗൾഫ് ജോലി നിഷേധിക്കുന്ന തരത്തിലുള്ള എമിഗ്രേഷൻ നിയമത്തിലെ ഉപാധികൾ കേന്ദ്ര സർക്കാരിനെ കൊണ്ട് പിൻവലിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | സി) വിദേശരാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്ന അവിദഗ്ദ്ധ തൊഴിലാളികളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും വേണ്ടിയാണ് കർശനമായ എമിഗ്രേഷൻ വ്യവസ്ഥകൾ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്. വ്യവസ്ഥകൾ പിൻവലിക്കുന്നതും ഇളവു ചെയ്യുന്നതും ഈ തൊഴിലാളി സമൂഹത്തെ ദോഷകരമായി ബാധിക്കാനിടയുണ്ട്. |

സെക്ഷൻ ഓഫീസർ